'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഹരിതകേരളം മിഷൻ - നീർച്ചാലുകളും അതിന്റെ കൈവഴികളും മാലിന്യമുക്തമാക്കി പുനരുജ്ജീവിപ്പിച്ച് ജല സംരക്ഷണം സാധ്യമാക്കാനതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ) നം.2864/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 17/12/2019

---

പരാമർശം:- ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സന്റെ 29/10/2019 ലെ 2115/എ1/എച്ച്.കെ.എം./2018 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഓരോ പ്രധാനപ്പെട്ട നീർച്ചാലും അതിന്റെ കൈവഴികളും മാലിന്യമുക്തമാക്കി പുനരുജ്ജീവിപ്പിച്ച് ജല സംരക്ഷണം സാധ്യമാക്കാനുള്ള നടപടികളെടുക്കാൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 01/08/2019 ന് ചേർന്ന യോഗത്തിൽ തീരുമാനിച്ചിരുന്നു. ഇതിന്റെ നടത്തിപ്പിനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുമുണ്ട്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും അതിന്റെ പരിധിയിലെ ഒരു നീർച്ചാലും അതിന്റെ ഉപനീർച്ചാലുകളും തെരഞ്ഞെടുത്ത് സംസ്ഥാന വ്യാപകമായി പൊതുജന പങ്കാളിത്തത്തോടെ ശുചീകരണ പരിപാടി നടത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. ചില പ്രവൃത്തികൾ യന്ത്രസഹായത്തോടെ നിർവ്വഹിക്കേണ്ടിവരുന്നതിനാൽ ഒരു ലക്ഷം രൂപയോളം ആവശ്യമായി വരുന്നു. ഇത്തരത്തിൽ പ്രോജക്ട് രൂപീകരിച്ച് നടപ്പിലാക്കുന്നതിനായി വേണ്ടിവരുന്ന തുക മാലിന്യ സംസ്കരണത്തിനായി മാറ്റി വയ്ക്കപ്പെട്ടതും ചെലവഴിക്കപ്പെടാത്തതുമായ തുകയിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ ചെലവഴിക്കുന്നതിനു വേണ്ട നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശ കത്ത് പ്രകാരം ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൻ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹരിതകേരള മിഷന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി നീർച്ചാലുകളുടെ പുനരുദ്ധാരണത്തിനായി പൊതുജന പങ്കാളിത്തത്തോടെ ശുചീകരണ പരിപാടി നടത്തുന്നതിനായി, മാലിന്യ സംസ്കരണത്തിനായി മാറ്റി വയ്ക്കപ്പെട്ടതും ചെലവഴിക്കപ്പെടാത്തതുമായ തുകയിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ ഒരു ലക്ഷം രൂപ വരെ വിനിയോഗിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.)

ബന്ധപ്പെട്ട് മുനിസിപ്പാലിറ്റികൾ (നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.)

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ